9296
22/4/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർ അവധിയിൽ പ്രവേശിച്ച കാലയളവിൽ കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല ടി ഓഫീസിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ന് നൽകിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1222/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 19.04.2017.

---

പരാമർശം:
1) 26.02.2016-ലെ ഗ്രാമവികസന കമ്മീഷണറുടെ 19164/എസ്റ്റാ.എ1/2015/സിആർഡി നമ്പർ നടപടിക്രമം.
2) 29.03.2016-ലെ ഗ്രാമവികസന കമ്മീഷണറുടെ 19164/എസ്റ്റാ.എ1/2015/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർ ശ്രീ.അബ്ദുൾ അസീസ് പി.-യ്ക്ക് 01.03.2016 മുതൽ 30.04.2016 വരെ 61 ദിവസം കമ്മ്യൂട്ടഡ് ലീവ് അനുവദിച്ചു ടി കാലയളവിലേക്ക് കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല ടി ഓഫീസിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ശ്രീ.പി.കെ.വേലായുധന് നൽകിയും പരാമർശം (1) നടപടിക്രമം പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായിരുന്നു. പ്രസ്തുത നടപടിക്രമത്തിന് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് .ഡയറക്ടർ അവധിയിൽ പ്രവേശിച്ച കാലയളവിൽ കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ന് നൽകിയ ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) പ്രകാരമുള്ള നടപടിക്രമത്തിന് സാധൂകരണം നൽകി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജയശ്രീ എം.
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.അബ്ദുൾ അസീസ് പി., പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, കോഴിക്കോട് (ഗ്രാമവികസന കമ്മീഷണർ മുഖേന)

ശ്രീ.പി.കെ.വേലായുധൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം), ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, കോഴിക്കോട് (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, കോഴിക്കോട്.

ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.

✓ വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ